പതിനാലാം കേരള നിയമ സഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 65 — 23 - 01 - 2018-ൽ മറുപടിക്ക്.

**കോഴിക്കോട് ജനസേവന കേന്ദ്രം**

ചോദ്യം

ശ്രീ. എ. പ്രദീപ് കുമാർ

മറുപടി

ശ്രീ. പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് നഗരത്തിലെ ജനസേവന കേന്ദ്രത്തിൽ ഏതെല്ലാം വകുപ്പുകളുമായി ബന്ധപ്പെട്ട സേവനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ: | (എ) | കോഴിക്കോട് നഗരത്തിലെ ജനസേവന കേന്ദ്രത്തിൽ താഴെ പറയുന്ന വകുപ്പുകളുമായി ബന്ധപ്പെട്ട സേവനങ്ങളാണ് നൽകി വരുന്നത്.<br>• കെ.എസ്. ഇ.ബി<br>• വാട്ടർ അതോറിറ്റി<br>• കോർപ്പറേഷൻ<br>• യൂണിവേഴ്സിറ്റി<br>• മോട്ടോർ വെഹിക്കിൾ<br>• ബി.എസ്.എൻ.എൽ<br>• ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്<br>• കൾച്ചറൽ വെൽഫെയർ ബോർഡ് |
| (ബി) | ഏതെല്ലാം വകുപ്പുകളിൽ നിന്നായി എത്ര ജീവനക്കാരാണ് ഇവിടെ ജോലി ചെയ്യുന്നതെന്ന് വിശദമാക്കുമോ; | (ബി) | താഴെപറയുന്ന വകുപ്പുകളിൽ നിന്നുമായി അഞ്ചു ജീവനക്കാരാണ് ഇവിടെ ജോലി ചെയ്യുന്നത്.<br>യൂണിവേഴ്സിറ്റി - 1<br>മോട്ടോർ വെഹിക്കിൾ - 2<br>കോർപ്പറേഷൻ -1<br>വാട്ടർ അതോറിറ്റി - 1 |
| (സി) | ഒരു ദിവസം ശരാശരി എത്ര ബില്ലുകൾ പ്രസ്തുത ജനസേവന കേന്ദ്രത്തിൽ അടയ്ക്കുന്നുണ്ട്; | (സി) | ഒരു ദിവസം ശരാശരി 500 ഓളം ബില്ലുകൾ ജനസേവന കേന്ദ്രത്തിൽ അടയ്ക്കുന്നുണ്ട്. |
| (ഡി) | പ്രസ്തുത ജനസേവന കേന്ദ്രത്തിൽ എത്ര ഷിഫ്റ്റുകളായി എത്ര ജീവനക്കാർ വീതം ജോലി ചെയ്യുന്നുണ്ടെന്ന് വിശദമാക്കുമോ? | (ഡി) | കോഴിക്കോട് ജന സേവന കേന്ദ്രത്തിൽ പ്രൊജക്ട് മാനേജർ ഒഴികെയുള്ള നാല് ജീവനക്കാർ രണ്ടു ഷിഫ്റ്റുകളായാണ് ജോലി ചെയ്യുന്നത്. ഒരു ഷിഫ്റ്റിൽ രണ്ടു പേർ വീതമാണ്. |

സെക്ഷൻ ഓഫീസർ